(സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയിൽനിന്നും നേരിട്ട് മരുന്നുകൾ ശേഖരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രി കളിൽ വിതരണം ചെയ്യുവരുന്നു. കൂടാതെ വില നിയന്ത്രണം ഇല്ലാത്ത മരുന്നുകളുടെ അധിക വില കാരണം ചികിത്സാചെലവുകൾ താങ്ങാനാവാത്ത സാഹചര്യം നിലവിലുണ്ട്. ആയതിന് ആശ്വാസമേകുന്നതിലേയ്ക്കായി സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾവഴി മരുന്നുകളുടെ വില വളരെ കുറച്ച് പാവപ്പെട്ട രോഗികൾക്ക് കൊടുക്കാനുള്ള സൗകര്യം ചെയ്യുവരുന്നു.

ഓൺലൈൻ മരുന്നുവ്യാപാരം

119 (3553) ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ മരുന്നുവ്യാപാരം വ്യാപകമായി നടക്കുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ; വിശദാംശം അറിയിക്കാമോ ;

(ബി) അംഗീകൃത ഡോക്ടറുടെ കുറിപ്പടിയില്ലാതെ ചികിത്സ നടത്തുന്നത് പൊതുജനാരോഗ്യരംഗത്ത് പ്രതിസന്ധിയുണ്ടാക്കാനിടയുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത്തരം മരുന്നുകൾ മിക്കവയും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാത്തതും ചില മരുന്നുകൾ മാജിക്കൽ റെമഡീസ് നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണെന്ന് കണക്കിലെടുത്ത് ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ആരോഗ്യത്തിന് ഭീഷണിയായി ഓൺലൈൻ മരുന്നുവ്യാപാരം വ്യാപകമാകുന്നത് സംബന്ധിച്ച പത്ര വാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദമായ അന്വേഷണത്തിൽ അലോപ്പതി മരുന്നുകൾ ഒന്നുംതന്നെ ഓൺലൈൻവഴി പ്രാപ്യമാക്കുന്നതായി കണ്ടെത്തിയിട്ടില്ല. ഓൺലൈൻ മരുന്നു വ്യാപാരത്തിനുവേണ്ടിയുള്ള അപേക്ഷകളൊന്നുംതന്നെ നാളിതുവരെ വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് ഓൺലൈൻ മരുന്ന വ്യാപാരം സംബന്ധിച്ച പരാതികളൊന്നും തന്നെ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നിരുന്നാലും ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ച പരിശോധന വകുപ്പ് കർശനമാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായ ഇത്തരം വില്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം വകുപ്പ് ആയതിന്മേൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾക്ക് വിരുദ്ധമായി അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്നുകടകളിൽനിന്നും ഡോക്ടറുടെ കുറിപ്പടി അനിവാര്യമായിട്ടുള്ള മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് വകുപ്പ് കർശനമായി പരിശോധിക്കുന്നുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാതെയും പൊതുജനങ്ങളെ തെറ്റിധരിപ്പിക്കുന്ന അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പൊതു ജനാരോഗ്യത്തിന് ഭീഷണിയാകുന്ന ഓൺലൈൻ മരുന്നുവ്യാപാരം സംസ്ഥാനത്ത് ശ്രദ്ധ യിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

120 (3554) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ എത്ര ലാബുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാം ;

(ബി) വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റെയും സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ കഴിഞ്ഞ 12 മാസത്തിനിടെ കണ്ടെത്തുവാൻ കഴിഞ്ഞു ; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വിറ്റഴിക്കപ്പെടുന്ന മുഴുവൻ മരുന്നുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly